(ഇ) സംസ്ഥാന സർക്കാർ ആദിവാസികളായ സ്ത്രീകളും, കുട്ടികളും, വൃദ്ധരും അനുഭവിക്കുന്ന പോഷകാഹാരകുറവ് ഉൾപ്പെടെയുള്ള ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്ലാൻ ശീർഷകത്തിൽ നടപ്പുവർഷം 52199 ലക്ഷം രൂപയും നോൺപ്ലാൻ ശീർഷകത്തിൽ 6866 ലക്ഷം രൂപയും 3% പദ്ധതി വിഹിതമായി ലഭിച്ചിട്ടുള്ള 13922 ലക്ഷം രൂപയും ചേർത്ത് ആകെ 72987 ലക്ഷം രൂപ വിവിധ ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ വഴിയും, വകുപ്പിലൂടെയും നടപ്പാക്കുന്ന 84 പദ്ധതികളിലുമായി വിനിയോഗിച്ച് വിവിധ വികസന ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

**ആദിവാസി മേഖലകളിലെ മാതൃശിശു മരണ നിരക്കും അട്ടപ്പാടി പാക്കേജും**

**337 (677)** <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി മേഖലകളിൽ മാതൃശിശു മരണ നിരക്കുകൾ വർദ്ധിച്ചു വരുന്നതിന്റെ കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ;

(ബി) അട്ടപ്പാടി പാക്കേജിൽ ശിശുമരണ നിരക്കുകൾ കുറയ്ക്കുന്നതിനും പോഷകാഹാര കുറവ് പരിഹരിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ;

(സി) അട്ടപ്പാടി പാക്കേജ് യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിൽ വിവിധ വകുപ്പുകളുടെ അനാസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വിദഗ്ധ ചികിൽസ ലഭ്യമാക്കുന്നതിന് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയും അടിയന്തരഘട്ടങ്ങളിൽ ചികിൽസയെത്തിക്കുന്നതിന് 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിക്കുന്നുണ്ട്. ഗുരുതരമായ വിളർച്ച രോഗമുള്ള കുട്ടികളെ പരിചരിക്കുന്നതിന് 3 ന്യൂട്രിഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫുഡ് സപ്പോർട്ട് പ്രോഗ്രാം സാമൂഹ്യനീതി വകുപ്പിന്റെ 101 സജീവ സാമൂഹ്യ അടുക്കളകൾ, അമൃതം ന്യൂട്രിമിക്സ് വിതരണം, കൗമാരക്കാരായ പെൺകുട്ടികൾക്ക് പോഷകാഹാര പദ്ധതിയായ ശബല കിറ്റ് വിതരണം, വിവാഹിതരായ സ്ത്രീകൾക്കും ഗർഭിണികൾക്കും ഫോളിക് ആസിഡ്, അയൺ ഗുളിക എന്നിവ നൽകുന്ന പദ്ധതി തുടങ്ങിയവയും പോഷകാഹാര കുറവ് പരിഹരിക്കുന്നതിനായി അട്ടപ്പാടി മേഖലയിൽ വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കിവരുന്നുണ്ട്.

(സി) ഇല്ല. വിവിധ വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതികൾ ഏകോപിപ്പിക്കുന്നതിന് ഒറ്റപ്പാലം സബ്കളക്ടറെ നോഡൽ ഓഫീസറായി നിയമിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ഡി) ബാധകമല്ല.

## പരിയാരം മെഡിക്കൽ കോളേജിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ചികിത്സ

**338 (678)** ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിയാരം മെഡിക്കൽ കോളേജിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിന് എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങളാണ് നിലവിലുള്ളത്; പകർപ്പ് ലഭ്യമാക്കാമോ ;

(ബി) അടിയന്തര ചികിത്സവേണ്ട രോഗികൾ ഈ മാർഗ്ഗനിർദ്ദേശങ്ങൾ കാരണം ബുദ്ധിമുട്ടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പാവപ്പെട്ട രോഗികൾക്ക് ബുദ്ധിമുട്ടില്ലാതെ തുടർന്നും വിദഗ്ധ ചികിത്സ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കിയതിലൂടെ പരിയാരം മെഡിക്കൽ കോളേജിന് എത്ര രൂപ ലഭിക്കാനുണ്ട്; കുടിശ്ശിക ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly